ജപ്പാൻ കുടിവെള്ളപദ്ധതിയുടെ പൈപ്പ് വാങ്ങിയതിന്റെ വ്യവസ്ഥകൾ

71 [3325] *ശ്രീ. എ. കെ. ബാലൻ:*
" *എം. വി. ജയരാജൻ:*
" *ടി. കെ. ദേവകുമാർ:*
" *മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ളപദ്ധതിയുടെ അഞ്ചു ഘട്ടങ്ങളിലെ പൈപ്പുകൾ വാങ്ങലും സ്ഥാപിക്കലും നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം തരം പൈപ്പാണ് ഇതിന് ഉപയോഗിക്കേണ്ടിവരിക;

(ബി) ഏതെല്ലാം ഘട്ടത്തിൽ ആകെ എത്ര കി. മീ. പൈപ്പ് വീതമാണ് പദ്ധതിക്കാവശ്യമായിവരുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ പൈപ്പിന് എത്ര രൂപയാണ് എസ്റ്റിമേറ്റ് അടങ്കൽ നിശ്ചയിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതി വിവിധ പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ പൈപ്പുകളും മറ്റ് സാധനസാമഗ്രികളും കേരള വാട്ടർ അതോറിറ്റി നേരിട്ട് വാങ്ങുന്നില്ല. ഓരോ പാക്കേജിലും കരാർ എടുക്കുന്ന കോൺട്രാക്ടർ തന്നെയാണ് പൈപ്പുകൾ ലഭ്യമാക്കേണ്ടത്. ടെണ്ടർ നടപടികൾ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

ഡി. ഐ., മൈൽഡ് സ്റ്റീൽ, പി. വി. സി., ജി. ആർ. പി., പി. ഇ. എന്നീ പൈപ്പുകളാണ് ഉപയോഗിക്കുന്നത്.

(ബി) വിവിധ പാക്കേജുകളിൽ മൊത്തത്തിൽ ഉൾപ്പെടുന്ന പൈപ്പുകളുടെ വിവരം താഴെ കൊടുക്കുന്നു:

പാക്കേജ് 1. ശുദ്ധീകരണശാലയും ഇൻടേക്ക് വർക്സും — 35 കി. മീ.

പാക്കേജ് 2. ട്രാൻസ്മിഷൻ മെയിൻ—ഏകദേശം 417 കി. മീ.

പാക്കേജ് 3. ഡിസ്ട്രിബ്യൂഷൻ സിസ്റ്റം—ഏകദേശം 4470 കി. മീ.

പാക്കേജ് 4. സർവീസ് റിസർവോയർസ്—ഈ പാക്കേജിൽ പൈപ്പുകൾ ഉൾപ്പെടുന്നില്ല.

പാക്കേജ് 5. റീഹാബിലിറ്റേഷൻ വർക്സ്— ഡിസൈനുകൾ പൂർത്തിയാകാത്തതിനാൽ പൈപ്പുകളുടെ കൃത്യമായ വിവരം ലഭ്യമല്ല.

(സി) ഏകദേശം 650 കോടി രൂപ വിലവരുന്ന വിവിധതരം പൈപ്പുകൾ പദ്ധതിയുടെ വിവിധ പാക്കേജുകൾക്ക് വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly